പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3453 — 16.12. 2015-ൽ മറുപടിക്ക്

# പഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തുകളിൽ വാർഡ് അടിസ്ഥാനത്തിൽ വീടുകളിൽ പൈപ്പുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനും കുടുംബശ്രീകൾ വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പദ്ധതിയ്ക്ക് പ്രചാരണം കൊടുക്കുന്നതിനും പ്രസ്തുത പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിനും പ്രയോഗിക നടപടി സ്വീകരിക്കുമോ ? | (എ) വീടുകളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ കംമ്പോസ്റ്റിംഗ് സംവിധാനം വഴിയോ ബയോഗ്യാസ് സംവിധാനം വഴിയോ വീടുകളിൽ തന്നെ സംസ്ക്കരിക്കുന്നതിന് വിവിധ ഉറവിട മാലിന്യ സംവിധാനങ്ങളും കൂടാതെ സ്ഥാപനതലത്തിലും, കമ്മ്യൂണിറ്റി തലത്തിലും ഇത്തരം സംവിധാനം ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് രണ്ടോ മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് സജ്ജമാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) കേന്ദ്രങ്ങളിൽ എത്തിച്ച് അവ വൃത്തിയാക്കി തരംതിരിച്ച് റിസൈക്ലേസിന് കൈമാറുക എന്നുള്ളത് ശുചിത്വ മിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ്. ഇപ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് ശേഖരിച്ച് അവ തരംതിച്ച് വിൽക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണം / പ്രചാരണ പരിപാടികൾക്കും കുടുംബശ്രീപോലുള്ള സംഘടനകളെ ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ